**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2732** **12.03.2018 ൽ മറുപടിയ്ക്ക്**

**<u>റാന്നി മണ്ഡലത്തിൽ പട്ടയം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

| | | |
|---|---|---|
| (എ) | റാന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇനി പട്ടയം ലഭിക്കാനുള്ളത്; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്നും എത്ര അളവ് വസ്തുവിന് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ)യും (ബി)യും |
| (ബി) | ഇവർക്ക് പട്ടയം ലഭിക്കാനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |

| ക്രമ നം. | വില്ലേജ് | പ്രദേശം | കൈവശങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | പഴവങ്ങാടി | കരികുളം കോളനി | 96 | 24.5244 |
| | നിലവിലെ സ്ഥിതി<br>സ.ഉ(കൈ)നം.326/17 റവ. തീയതി 25.09.2017 പ്രകാരം പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവായി. എന്നാൽ സ്റ്റാറ്റസ് വനഭൂമി ആയതിനാൽ പട്ടയം നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. | | | |
| 2 | അത്തിക്കയം | തെക്കേത്തൊട്ടി | 214 | 24.0487 |
| നിലവിലെ സ്ഥിതി<br>01.01.1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റ പ്രകാരം ജോയിന്റ് വേരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത ടി പ്രദേശത്തിന്റെ സ്റ്റാറ്റസ് വനഭൂമി ആയതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. | | | | |
| 3 | അത്തിക്കയം | 46 ഏക്കർ | 101 | 13.2132 |
| നിലവിലെ സ്ഥിതി<br>സ.ഉ.(Rt)1222/71/RD തീയതി 27.02.1971 നമ്പർ ഉത്തരവ് പ്രകാരം ഒരിക്കൽ 23 പേർക്കായി പട്ടയം അനുവദിച്ച ഭൂമി വീണ്ടും നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. | | | | |
| 4 | ചേത്തയ്ക്കൽ | വലിയപതാൽ | 224 | 30.6775 |
| നിലവിലെ സ്ഥിതി<br>2 ഏക്കർ വച്ച് 38 ആദിവാസികൾക്കായി 1971-ൽ വിതരണം ചെയ്ത ഭൂമിയിൽ നിലവിൽ മറ്റു വിഭാഗക്കാർ താമസിച്ചു വരുന്നു. ടി ഭൂമിയുടെ സ്റ്റാറ്റസ് വനഭൂമിയായതിനാൽ പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. | | | | |
| 5 | കൊല്ലമുള | എക്സ് സർവ്വീസ് മെൻസ് കോളനി | ഏകദേശം 300 | തിട്ടപ്പെടുത്തി യിട്ടില്ല |
| നിലവിലെ സ്ഥിതി<br>തിരു-കൊച്ചി സർക്കാരിന്റെ 17.03.1953-ലെ 01.05.13547/52 ഡി.ഡി. ഉത്തരവ് പ്രകാരം 1500 ഏക്കർ ഭൂമി വിമുക്ത ഭടകോളനിയ്ക്ക് അനുവദിച്ചു. ടി ഉത്തരവ് പ്രകാരം 4 ഏക്കർ വീതം 300 പേർക്ക് പട്ടയം | | | | |

| | | |
|---|---|---|
| | | നൽകി വനമായി നിലനിർത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. പട്ടയം നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. |

| | | | | |
|---|---|---|---|---|
| 6 | കൊല്ലമുള | മണ്ണടിശാല പരുവ | | തിട്ടപ്പെടുത്തി യിട്ടില്ല |
| നിലവിലെ സ്ഥിതി<br>എക്സ് സർവ്വീസ് മെൻസ് കോളനി, ആദിവാസി സെറ്റിൽമെന്റ് ഏരിയ എന്നിവയിൽ ഉൾപ്പെടുന്ന പ്രദേശം | | | | |
| 7 | കൊല്ലമുള | അരയാഞ്ഞിലി മണ്ണ് | | തിട്ടപ്പെടുത്തിയി ട്ടില്ല |
| നിലവിലെ സ്ഥിതി<br>01.01.1977-ന് മുമ്പുള്ള വനഭൂമി പ്രദേശവും, ആദിവാസി സെറ്റിൽമെന്റ് ഏരിയായും ടി പ്രദേശത്തെ ഭൂരിഭാഗം ആദിവാസികൾക്കും വനാവകാശ കൈവശ രേഖ നൽകിയിട്ടുണ്ട്. | | | | |
| 8 | കൊല്ലമുള | എയ്ഞ്ചൽവാലി | | തിട്ടപ്പെടുത്തിയി ട്ടില്ല |
| നിലവിലെ സ്ഥിതി<br>കോട്ടയം - പത്തനംതിട്ട ജില്ലകളുടെ അതിർത്തി പ്രദേശം, സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയിച്ച് പട്ടയം നൽകാവുന്നതാണ്. | | | | |
| 9 | പെരുനാട് | കോട്ടുപ്പാറ | 67 | 2.9952 |
| നിലവിലെ സ്ഥിതി<br>പെരുനാട് വില്ലേജിലെ സർവ്വെ 735/1, 741/1, 751/1, 742/2 ബി1, 736/1 എന്നീ സർവ്വെ നമ്പറുകളിലായുള്ള പ്രദേശങ്ങൾ സെറ്റിൽമെന്റ് രജിസ്റ്ററിൽ റിമാർക്സിൽ ചില പ്രദേശങ്ങൾ വനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വനം എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങൾക്ക് പട്ടയം നൽകാവുന്നതാണ്. | | | | |
| 10 | വടശ്ശേരിക്കര | മുക്കുഴി | 58 | 12740 |
| നിലവിലെ സ്ഥിതി<br>1974-ൽ മിച്ചഭൂമി പട്ടയമായി നൽകിയ ഭൂമി. നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകേണ്ടതുണ്ട്. | | | | |

| | | |
|---|---|---|
| (സി) | നടപടികൾ പൂർത്തിയാക്കി ഓരോ പ്രദേശത്തും കൈവശക്കാർക്ക് എന്നത്തേക്ക് പട്ടയം നൽകാനാവും എന്ന് പറയാമോ; | (സി) നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. |
| (ഡി) | ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായ സ്ഥലങ്ങൾ ഏതൊക്കെ; ഇതിന് ഇനി വേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) റാന്നി താലൂക്കിൽ ജോയിന്റ് വേരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പ്രദേശങ്ങൾ |

| ക്രമ നം. | വില്ലേജ് | വിസ്തീർണ്ണം | കൈവശങ്ങളുടെ എണ്ണം | ഉൾപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|---|---|
| 1 | കൊല്ലമുള | 123.9919 | 335 | കുറുമ്പൻമൂഴി, മണക്കയം, അരയാഞ്ഞിലിമണ്ണ്, തുലാപ്പള്ളി |
| 2 | പെരുനാട് | 63.3600 | 148 | അട്ടത്തോട്, ളാഹ |
| 3 | വടശ്ശേരിക്കര | 9.6400 | 31 | ഒളികല്ല്, കൊട്ടുമുടി |

| | | | | |
|---|---|---|---|---|
| 4 | അത്തിക്കയം | 26.7318 | 110 | കടമുരുട്ടി, ചണ്ണ, കൊച്ചുകുളം |
| | | 223.3237 | 624 | |

ടി പ്രദേശങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി ലഭ്യമാക്കുന്നതിലേക്കായി നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ